**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**

# മാർത്തോമ്മാ യുവജനസഖ്യം പ്രസിഡന്റ്

# ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ. 31**

സഭയിലെ വന്ദ്യ വൈദീകരും വിശ്വാസസമൂഹവും വിശേഷാൽ നമ്മുടെ യുവജനങ്ങളുംകൂടെ കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

മാർത്തോമ്മാ സഭയിലെ എല്ലാ യുവജനങ്ങളും യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നതിനു സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ 1933 ൽ ജന്മംകൊണ്ട പ്രസ്ഥാനമാണ് മാർത്തോമ്മാ യുവജനസഖ്യം. യൗവ്വനത്തിന്റെ സാദ്ധ്യതകളും നന്മയും വെല്ലുവിളികളും തിരിച്ചറിഞ്ഞ് സ്രഷ്ടാവായ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിൽ അർത്ഥവത്തായ ജീവിതം നയിക്കുവാൻ യുവജനങ്ങൾക്ക് സാധിക്കണം. നമ്മുടെ യുവതീ-യുവാക്കന്മാരെ സഭയോടും സമൂഹത്തോടും ദൈവവചനത്തോടുമുള്ള ബന്ധത്തിൽ ശക്തീകരിക്കുന്നതിന് യുവജനസഖ്യം പ്രവർത്തനങ്ങൾ മൂഖാന്തരമാകണം. നമ്മുടെ എല്ലാ ഇടവകകളിലും സഖ്യം കൂട്ടായ്മകൾ സജീവമാക്കുന്നതിന് വികാരിമാരും ചുമതലക്കാരും പ്രത്യേകം ഉത്സാഹിക്കണം.

ഈ വർഷം ഒക്ടോബർ 14 മുതൽ 20 വരെയുള്ള ദിവസങ്ങൾ യുവജനവാരമായും ഒക്ടോബർ 21 ഞായറാഴ്ച യുവജനഞായറായും സഭ വേർതിരിച്ചിരിക്കുന്നു. ***'അർത്ഥവും സ്വത്വവും തേടുന്ന യുവത്വം'*** *(Youth : In Serch of Meaning and Identity)* എന്നതാണ് യുവജനവാരത്തിൽ പ്രാർത്ഥനയ്ക്കും പഠനത്തിനുമായി തെരഞ്ഞെടുത്തിരിക്കുന്ന ചിന്താവിഷയം. ഈ വിഷയം ആസ്പദമാക്കിയുള്ള പഠനങ്ങളും ചർച്ചകളും ശാഖാതലത്തിൽ ക്രമീകരിക്കണം. ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച ക്രമീകരിച്ചിരിക്കുന്ന ഡെപ്യൂട്ടേഷൻ പരിപാടി വിജയകരമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. യുവജന പങ്കാളിത്തത്തോടെ യുവജന ഞായറാഴ്ച ആരാധന ക്രമീകരിക്കുകയും താല്പര്യപൂർവ്വം അതിൽ സംബന്ധിക്കുകയും വേണം. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരം ലഭിച്ച ആരാധനക്രമം അന്നത്തെ ശുശ്രൂഷയിൽ ഉപയോഗിക്കണം. സഖ്യത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് യുവജനഞായർ സ്തോത്രകാഴ്ചയിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്തോത്രകാഴ്ച സ്വീകരിക്കുന്നതിനായി പ്രത്യേക കവറുകൾ സഖ്യം ആഫീസിൽ നിന്നും അയച്ചുതരുന്നതാണ്. സ്തോത്രകാഴ്ചയായി കവറിലും അല്ലാതെയും ലഭിക്കുന്ന മുഴുവൻ തുകയും യുവജനസഖ്യം ആഫീസിലേക്ക് അയച്ചുകൊടുക്കുവാൻ ഇടവക ചുമതലക്കാർ ശ്രദ്ധിക്കുമല്ലോ. യുവജനസഖ്യം പരിപാടികളേയും വിശിഷ്യാ കടപ്പ മിഷൻ (സഖ്യം ഗ്രാമം) പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുകയും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ ഭീതിയിലാഴ്ത്തിയ മഹാദുരന്തമായിരുന്നല്ലോ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ ജലപ്രളയം. പ്രളയത്തിന്റെ കെടുതികളിൽ നിന്നും നാട് ഇതുവരെ മുക്തമായിട്ടില്ല. പ്രളയകാലത്ത് ദുരിതബാധിതരെ രക്ഷിക്കുവാനും സഹായിക്കുവാനും അനേകർ മുന്നിട്ടിറങ്ങിയത് നമ്മുടെ സമൂഹത്തിൽ നന്മയുടെ ഉറവുകൾ വറ്റിയിട്ടില്ല എന്നതിനുള്ള തെളിവാണ്. നമ്മുടെ യുവജനസഖ്യത്തിന്റെ അടൂർ യൂത്ത് സെന്റർ ദുരിത ബാധിതർക്കുള്ള സാധനസാമഗ്രികളുടെ ശേഖരണ-വിതരണ കേന്ദ്രമായും പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്ന ഒരു കേന്ദ്രമായും മാതൃകാപരമായി പ്രവർത്തിക്കുകയുണ്ടായി. ഏകദേശം 350-ലധികം യുവജന സഖ്യാംഗങ്ങൾ വോളന്റിയർമാരായി നിസ്വാർത്ഥമായ സേവനം നിർവ്വഹിച്ചു. ആയിരക്കണക്കിന് ആളുകൾക്ക് സഹായം എത്തിക്കുന്നതിന് സഖ്യത്തിനു സാധിച്ചു എന്നത് അഭിമാനകരമാണ്. ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന് ഇടവകകളും സഖ്യം ശാഖകളും മുന്നിട്ടിറങ്ങണം.

സകലത്തേയും നിയന്ത്രിക്കുന്ന സർവ്വകൃപാലുവായ ദൈവമുമ്പാകെ നമ്മെത്തന്നെ സമർപ്പിക്കാം. ഈ വർഷത്തെ യുവജനവാരാചരണം നമുക്ക് ഏവർക്കും പുതുക്കത്തിനും അനുഗ്രഹത്തിനും മുഖാന്തിരമായി ത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2018 സെപ്റ്റംബർ മാസം 20-ാം തീയതി അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നിന്നും.

**ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ**
യുവജനസഖ്യം പ്രസിഡന്റ്